**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5436** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഉപേക്ഷിക്കപ്പെടുന്ന രോഗികളുടെ പുന:രധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിച്ച ശേഷം തിരികെ കൊണ്ടു പോകാത്ത രോഗികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാരുടെ സംരക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം സ്ഥാപനങ്ങളിൽ പുനരധിവസിക്കപ്പെടുന്നവർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുന്ന നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ആലോചിക്കുന്നതിനായി 20.12.2022-ൽ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു ഉന്നതതല യോഗം ചേരുകയും സർക്കാർ അല്ലെങ്കിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം ഉപേക്ഷിക്കപ്പെടുന്നവരിൽ ഭൂരിഭാഗവും വയോജനങ്ങളാകയാൽ ഇവരുടെ പുന:രധിവാസം സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാരുടെ സംരക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തുവരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തിരം സ്ഥാപനങ്ങളിൽ പുനരധിവസിക്കപ്പെടുന്ന വർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മറ്റ് ജില്ലകളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുന്ന നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ആലോചിക്കുന്നതിനായി 20.12.2022-ൽ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ ഒരു ഉന്നതതല യോഗം ചേരുകയും സർക്കാർ അല്ലെങ്കിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ അങ്ങനെയുള്ളവരെ പുനരധിവസിപ്പിക്കുന്നതുമായിബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ